# ‘ദൈവേഷ്ടപ്രകാരമുള്ള അപേക്ഷ’

## 1 യോഹന്നാൻ 5:14

**“അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളതു നമുക്ക് അവനോടുള്ള ധൈര്യം ആകുന്നു.”**

ഇവിടെ ഒരു കാര്യം വളരെ വ്യക്തമായി നമ്മെ ഓർമ്മിപ്പിക്കുന്നു; നാം യാചിക്കുമ്പോൾ നമ്മുടെ ഇഷ്ടമല്ല മറിച്ച് അവന്റെ ഇഷ്ടപ്രകാരം അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കും. എന്നാൽ ഇന്ന് നാം അപേക്ഷിക്കുന്നതൊക്കെയും നമ്മുടെ സ്വന്തമോഹത്തിൽ നിന്ന് ലൗകീകമായ സുഖലോലുപതക്ക് വേണ്ടിയുള്ള കാര്യങ്ങളാണ്. എന്നിട്ടും അവൻ കരുണയും, സ്നേഹവും മനസ്സലിവുമുള്ള പിതാവാകയാൽ നമ്മോട് കരുണ കാണിക്കുന്നു. നമ്മുടെ ആഗ്രഹങ്ങളെ നിറവേറ്റി തരുന്നു. എന്നാൽ തന്റെ പിതാവിനെ സ്നേഹിക്കുന്ന ഒരു ദൈവപൈതൽ തന്റെ ആഗ്രഹങ്ങൾക്ക് അല്ല ദൈവഹിതത്തിനാണ് പ്രാധാന്യം നൽകേണ്ടത്. അവൻ നൽകുന്നതെല്ലാം എന്റെ നന്മയ്ക്കായി മാത്രമെന്ന് വിശ്വസിക്കാൻ കഴിയണം. അവനിൽ ഉപാധികളില്ലാതെ ആശ്രയിക്കാൻ കഴിയണം. ലൗകീകമായ സുഖത്തിന്നു വേണ്ടിയാണ് നാം അവനെ സ്നേഹിക്കുന്നതെങ്കിൽ നമ്മൾ ഏറ്റവും വലിയ ഭോഷന്മാരാണ്.

ഒരു ദൈവപൈതലിനു ജീവിക്കാനാവശ്യമായതെല്ലാം പിതാവ് അവന് നൽകും എന്നാൽ ദൈവം തരുന്നതിലൊന്നും മനുഷ്യന് സംതൃപ്തി കണ്ടെത്താൻ കഴിയുന്നില്ല എന്നതാണ് ഇന്നത്തെ വലിയ പ്രശ്നം. അവൻ മോഹങ്ങൾക്ക് അടിമപ്പെട്ടിരിക്കയാണ്. നൈമിഷീകമായ സുഖങ്ങളാണ് അവന് പ്രധാനം. അവന്റെ മോഹങ്ങൾ അവനെ പാപത്തിന് അടിമയാക്കുന്നു. പാപം അവനെ ദൈവസ്നേഹത്തിൽ നിന്ന് അകറ്റുന്നു.

അതുകൊണ്ട് ദൈവഹിതത്തിനായി സമർപ്പിച്ചുകൊണ്ട്, നിന്റെ ഹിതം പോലെ എന്നെ നടത്തണമേയെന്ന് നമുക്കും യാചിക്കാം. എന്റെ വഴികളിൽ നടക്കാൻ എന്നെ സഹായിക്കണമെന്നല്ല, നിന്റെ വഴികൾ എന്നെ അറിയിക്കണമേ എന്ന് പ്രാർഥിക്കാം. അങ്ങനെ പ്രാർഥിച്ചുകൊണ്ട് അവൻ പ്രവർത്തിക്കുന്നതിനായി കാത്തിരിപ്പാൻ മനസ്സിനെ ഒരുക്കാം. നീ എനിക്ക് തന്നതും, തരാതിരുന്നതും എന്റെ നന്മയ്ക്കാണെന്ന് ഉറപ്പിക്കാം. അവന്റെ ശക്തിയുള്ള ഭുജത്തിൻ കീഴിൽ താണിരിക്കാം. അവൻ നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

1 യോഹന്നാൻ 3:22

“അവന്റെ കൽപനകളെ നാം പ്രമാണിച്ച് അവനു പ്രസാദമുള്ളത് ചെയ്യുന്നത് കൊണ്ട് എന്തു യാചിച്ചാലും അവങ്കൽ നിന്ന് ലഭിക്കും”

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 030